# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 810

17.07.2014 – ൽ മറുപടിയ്ക്ക്

## കേരള ആയൂർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. കെ. ബാലൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ.വി ചെന്താമരാക്ഷൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ആയൂർവേദ സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലായോ ; | (എ) | നടപ്പിലായിട്ടുണ്ട്. |
| (ബി) | ആയൂർവേദ സർവ്വകലാശാല കൊണ്ട് എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | ആയൂർവേദ സർവ്വകലാശാല കൊണ്ട് സംസ്ഥാനത്ത് ആയൂർവേദ മേഖലയിലെ സമഗ്ര വികസനവും ഉന്നത പഠന ഗവേഷണത്തിന് വേണ്ടുന്ന സൗകര്യങ്ങളും ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ; | (സി) | ഉണ്ട്. കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയൂർവേദ കോളേജിൽ നിലവിലുള്ള സ്ഥലം ഉപയോഗിച്ച്കൊണ്ട് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും പിന്നീട് ആവശ്യമെങ്കിൽ സ്ഥലം സമീപ പ്രദേശത്തു നിന്നും കണ്ടെത്തുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഗവേഷണ പ്രധാനമായ സർവ്വകലാശാല സ്ഥാപനത്തിനു മതിയായ ഫണ്ട് ബജറ്റിൽ വകയിരുത്തിയിരുന്നോ ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ ; ഇതുവരെയുള്ള പ്രവൃത്തി പുരോഗതി അറിയിക്കുമോ ? | (ഡി) | ആയൂർവേദ സർവ്വകലാശാലയ്ക്കുവേണ്ടി 2013 ജൂലൈയിലെ ഉപധനാഭ്യർത്ഥന പ്രകാരം 2210-05-101-57 (PV) എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2014 മാർച്ചിലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം ഇതിൽ 2.11 ലക്ഷം |

രൂപ ചെലവായിട്ടുണ്ട്. 2014-15
സാമ്പത്തിക വർഷം ബജറ്റിൽ
തുകയൊന്നും വകയിരുത്തിയിട്ടില്ല.
എന്നാൽ ഉപധനാഭ്യർത്ഥന മുഖേന
വിഹിതം വകയിരുത്തുന്നതിന്
ആവശ്യമായ നിർദ്ദേശം
സമർപ്പിക്കാൻ സ്പെഷ്യൽ ഓഫീസറായ
മലപ്പുറം ജില്ലാ കളക്ടറോട്
ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാരംഭ
പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ